File No.GEDN-U:

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ, കാർത്തികപുരം ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ പി.ഡി ടീച്ചർ ശ്രീ. രവീന്ദ്രൻ നായർ. സി.എൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (Ekm) നം.2236/2019 നമ്പർ കേസിലെ ഉത്തരവ്- അനക്സർ എ.12 നിവേദനം തീർപ്പാക്കി - ഉത്തരവാകുന്നു.

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

G.O.(Rt) No.3771/2021/GEDN തീയതി,തിരുവനന്തപുരം, 25/08/2021

പരാമർശം:-
1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 6/1/2020-ലെ ഒ.എ (Ekm) നം.2236/2019-ാം നമ്പർ കേസിലെ ഉത്തരവ്.
2. കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28/12/2020-ലെ ഒ.എ(2)/22919/2019 നമ്പർ കത്ത്.
3. തളിപ്പറമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 1/3/2021-ലെ എ5/1446/2020 നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ, കാർത്തികപുരം ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ പി.ഡി ടീച്ചർ ശ്രീ. രവീന്ദ്രൻ നായർ. സി.എൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (Ekm) നം.2236/2019 നമ്പർ കേസിൽ ബഹു. കോടതി പുറപ്പെടുവിച്ച ഉത്തരവിൽ, അപേക്ഷകൻ, സർക്കാർ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന അനക്ഷർ എ.12 നിവേദനം, അപേക്ഷകനെ നേരിൽകേട്ട്, നാല് മാസത്തിനകം തീർപ്പാക്കണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2) കോവിഡ് 19- മായി ബന്ധപ്പെട്ട് 2005- ലെ Disaster Management Act പ്രകാരം കേന്ദ്ര / സംസ്ഥാന Disaster Management Authority പുറപ്പെടുവിച്ചിട്ടുള്ള കോവിഡ് -19 കണ്ടെയ്ൻമെന്റ് പ്രോട്ടോക്കോൾ നിരവധി പ്രദേശങ്ങളിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ മുഖേന ഹിയറിംഗ് നടത്തുന്നതിന് സമ്മതമാണെന്ന് അപേക്ഷകൻ രേഖാമൂലം അറിയിക്കുകയുണ്ടായി.

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചുമതലപ്പെടുത്തിയത് പ്രകാരം, അപേക്ഷകനുവേണ്ടി ഹാജരായ ടിയാന്റെ പ്രതിനിധി, കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ, തളിപ്പറമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രതിനിധി എന്നിവരെ അണ്ടർസെക്രട്ടറി ഓൺലൈൻ ഹിയറിംഗ് (Google Meet) മുഖേന കേൾക്കുകയുണ്ടായി .

4) അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച അനക്ഷർ എ.12 നിവേദനത്തിലെയും, അപേക്ഷകനുവേണ്ടി ഹാജരായ പ്രതിനിധി ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികളുടെയും

സംഗ്രഹം ചുവടെ ചേർക്കുന്നു :-

അപേക്ഷകൻ ശ്രീ. രവീന്ദ്രൻ നായർ . സി . .എൻ . 01.07.2003- ൽ പി.ഡി . ടീച്ചറായി പബ്ലിക് സർവ്വീസ് കമ്മീഷൻ ശുപാർശ ചെയ്തത് പ്രകാരം തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ലയിലെ ശ്രീപുരം ഗവ . ഹയർസെക്കണ്ടറി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. സർക്കാർ സേവനത്തിൽ പ്രവേശിക്കുന്നതിന് മുൻപ് (30.06.2013 വരെ) ടിയാന് 10 വർഷത്തിൽ കൂടുതൽ അംഗീകൃത എയ്ഡഡ് സ്കൂൾ സേവന കാലമുണ്ടായിരുന്നു.. കാർത്തികപുരം ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്ററുടെ 22.09.2000-ലെ ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂൾ സേവനകാലയളവുകൂടി പരിഗണിച്ച് 01.07.2003 മുതൽ 10 വർഷത്തെ ഹയർഗ്രേഡ് അനുവദിക്കുകയും, ആയതിന്റെ സാമ്പത്തികാനുകൂല്യം ടിയാന്റെ പ്രൊബേഷൻ പൂർത്തിയാക്കിയ 01.07.2005 മുതൽ അനുവദിക്കുകയും ചെയ്തു. എയ്ഡഡ് സ്കൂൾ സർവ്വീസ് ഉൾപ്പെടെ 16 വർഷം പൂർത്തിയായപ്പോൾ 06.07.2006 മുതൽ സീനിയർ ഗ്രേഡ് അനുവദിക്കുകയുണ്ടായി. തുടർന്ന് 22 വർഷം പൂർത്തിയായ മുറയ്ക്ക് 06.07.2012 മുതൽ സെലക്ഷൻ ഗ്രേഡും അനുവദിക്കുകയുണ്ടായി . എന്നാൽ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ആഡിറ്റ് പരാമർശം ഒ.എ നം.(1)(2)92/2019 തീയതി 10.01.2019 പ്രകാരം അപേക്ഷകന് സമയബന്ധിത ഹയർഗ്രേഡിന് 01.07.2005 മുതൽ അതായത് ടിയാന്റെ പ്രൊബേഷൻ പൂർത്തിയായ തീയതി മുതൽ മാത്രമേ അർഹതയുള്ളൂ എന്നും 10.09.1990- ലെ 41730/ ജെ.1/88/പൊവിവ നമ്പർ കത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ടെന്നും ആയതിനാൽ അപേക്ഷകന് അധികമായി അനുവദിച്ച തുക റിഫണ്ട് ചെയ്യുന്നതിനും വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി.

മുൻകാല എയ്ഡഡ് സ്കൂൾ സേവനകാലയളവ് കണക്കാക്കി, ഗവൺമെന്റ് സ്കൂൾ ടീച്ചർക്ക് ഹയർഗ്രേഡ് അനുവദിക്കുമ്പോൾ ടിയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിരിക്കണമെന്ന് 23.03.1983-ലെ 26316/ ജെ.1/80/ പൊവിവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ സേവനത്തിൽ പുതുതായി പ്രവേശിക്കുന്നവർക്ക് ഹയർഗ്രേഡ് അനുവദിക്കുമ്പോൾ അവരുടെ പ്രൊബേഷൻ കഴിയുന്നതുവരെ കാത്തിരിക്കേണ്ടതും പ്രൊബേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് 23.03.1983-ലെ 26316/ജെ.1/80/ പൊവിവ നമ്പർ കത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം നിശ്ചിത കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് ഹയർഗ്രേഡ് കുടിശ്ശികയായ തീയതി മുതൽ തന്നെ അനുവദിക്കാവുന്നതാണെന്ന് 19.01.1998-ലെ 49526/ ജെ.1/85/ പൊവിവ നമ്പർ സർക്കുലർ പ്രകാരം ഡയറക്ടർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. മേൽപ്രകാരം ഗവണ്മെന്റ് സ്കൂൾ ടീച്ചർമാർക്ക് 10 വർഷം പൂർത്തിയാകുന്ന തീയതി മുതൽതന്നെ ഹയർഗ്രേഡ് അനുവദിക്കാം. പക്ഷെ ആയത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പ്രൊബേഷൻ പൂർത്തിയാകുമ്പോൾ മാത്രമേ പുറപ്പെടുവിക്കാവൂ. അപേക്ഷകന്റെ കാര്യത്തിൽ ഹയർഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് 22.09.2005-ലാണ് പ്രഖ്യാപിച്ചിട്ടുള്ളത്, അതായത് അപേക്ഷകന്റെ പ്രൊബേഷൻ പൂർത്തിയാക്കിയ 01.07.2005 മുതൽ. ഈ സാഹചര്യത്തിൽ അപേക്ഷകന് ഹയർഗ്രേഡ് അനുവദിച്ചത് ക്രമപ്രകാരമാണ്.

20.01.1981- ലെ സ.ഉ (പി) നം.62/81/(282)/ ഫിൻ തീയതി 20.01.1981 പ്രകാരം ഒരു ജീവനക്കാരന് നോൺകേഡർ പ്രൊമോഷൻ നൽകുന്നതിന് പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടതില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 08.08.2008-ലെ 46/2008/ഫിൻ നമ്പർ സർക്കുലറിലും ഇതുസംബന്ധിച്ച് വ്യക്തത നൽകിയിട്ടുണ്ട്. ആയതിനാൽ അപേക്ഷകന് 01.07.2003 മുതൽ ഹയർഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് 01.07.2005-നുശേഷം അതായത് ടിയാന്റെ പ്രൊബേഷൻ പൂർത്തിയാക്കിയശേഷം പുറപ്പെടുവിച്ചതായതിനാൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ ക്രമപ്രകാരമാണ്. എന്നാൽ വിദ്യാഭ്യാസ ഉപഡയറക്ടർ ഇത് അംഗീകരിക്കാതിരിക്കുകയും അപേക്ഷകന് അധികമായി അനുവദിച്ച തുക 14 വർഷത്തിനുശേഷം തിരിച്ചടയ്ക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിനെതിരെ അപേക്ഷകൻ സർക്കാർ മുമ്പാകെ റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയും, മേൽ സൂചിപ്പിച്ച ആഡിറ്റ് ഒബ്ജക്ഷനും അനുവദിച്ച തുക തിരിച്ചുപിടിക്കുന്നതിനുള്ള നിർദ്ദേശവും ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ആയതിനുള്ള സ്റ്റേ പെറ്റീഷനും അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ആയതിന്മേൽ കാലതാമസമുണ്ടായതിനാലാണ് അപേക്ഷകൻ ട്രൈബ്യൂണലിൽ ഒ.എ .(Ekm) നം .2236/2019- ാം നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളത്. അപേക്ഷകൻ സമർപ്പിച്ച റിവിഷൻ പെറ്റീഷനിന്മേൽ അപേക്ഷകനെ നേരിൽകേട്ട് 4 മാസത്തിനകം തീരുമാനമെടുക്കുന്നതിനും, സർക്കാർ ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ അപേക്ഷകനെതിരെ സ്വീകരിച്ചിരുന്ന റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിനും കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അപേക്ഷകനെതിരെ സ്വീകരിച്ചിരിക്കുന്ന റിക്കവറി നടപടികൾ റദ്ദ്

ചെയ്യണമെന്നും അപേക്ഷകന് ഹയർഗ്രേഡ് അനുവദിച്ച ഉത്തരവ് അംഗീകരിക്കണമെന്നും അപേക്ഷിക്കുന്നു .

5) കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു

06.07.1990 മുതൽ 30.06.2003 വരെ തുടർച്ചയായി ടി.ഐ.ഹൈസ്കൂൾ, നായൻമാർമൂലയിൽ പി.ഡി അധ്യാപകനായി നിയമനാംഗീകാരം ലഭിച്ച് സേവനത്തിൽ തുടർന്ന് വന്ന ശ്രീ.സി.എൻ. രവിന്ദ്രൻ നായർ സർക്കാർ സ്കൂൾ സേവനത്തിൽ 01.07.2003 മുതൽ പി.ഡി അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. മേൽ അധ്യാപകൻ ഇപ്പോൾ ജോലി ചെയ്തുവരുന്ന ജി.വി.എച്ച്.എസ്.എസ് കാർത്തികപുരത്തിൽ 01.07.2016 മുതൽ 31.03.2018 വരെയുള്ള കാലയളവിലെ കണക്ക് പരിശോധനയുടെ ഭാഗമായി സ്കൂളിലെ രജിസ്റ്ററുകളുടെയും, അക്കൗണ്ടുകളുടെയും പരിശോധനയിൽ 01.07.2003-ൽ സർക്കാർ സേവനത്തിൽ പ്രവേശിച്ച ടിയാന് പ്രൊബേഷൻ പൂർത്തിയാവുന്നത് 01.07.2005- നാണ്. എന്നാൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പേ ഹയർഗ്രേഡ് നൽകി 01.07.2003- ന് 4500-7000 എന്ന ശമ്പള സ്കെയിലിൽ 4500/- രൂപയായി ശമ്പളം നിജപ്പെടുത്തിയിരുന്നു. ആയത് 10.09.1990- ലെ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ 41730/ജെ.1/88 നമ്പർ കത്ത് പ്രകാരം പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി മുതൽ മാത്രമേ ഹയർഗ്രേഡിന് അർഹതയുള്ളുവെന്ന് ചൂണ്ടിക്കാണിച്ച് തടസ്സവാദം ഉന്നയിക്കുകയും, കൂടാതെ മേൽ കാണിച്ച അധ്യാപകന്റെ ശമ്പളം പുനർനിർണ്ണയം നടത്തി ഈ ഇനത്തിൽ അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതിന് ബന്ധപ്പെട്ട പ്രധാനാധ്യാപകന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് .

ഈ നടപടിയെ തുടർന്നാണ് പ്രസ്തുത അധ്യാപകൻ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നത്. എയ്ഡഡ് സർവ്വീസിൽ നിന്നും ഗവൺമെന്റ് സർവ്വീസിൽ ജോലിയിൽ പ്രവേശിക്കുന്ന അധ്യാപകർക്ക് അവരുടെ മുൻകാല എയ്ഡഡ് സർവ്വീസ് കണക്കിലെടുത്ത് ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഉദാഹരണം സഹിതം 10.09.1990- ലെ 41730/ജെ.1/88/പൊവിവ വകുപ്പ് പ്രകാരം ഗവൺമെന്റ് കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം അത്തരം അധ്യാപകർക്ക് സർക്കാർ സേവനത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതിമുതൽ മാത്രമേ അനുവദനീയമായ ഗ്രേഡിന് അർഹതയുള്ളൂ. ആയതിനാൽ ശ്രീ.സി.എ. രവീന്ദ്രൻ നായർക്ക് 01.07.2005 മുതൽ മാത്രമേ ഹയർഗ്രേഡിന് അർഹതയുള്ളൂ. മേൽ സാഹചര്യത്തിൽ 10.09.1990-ലെ സർക്കാർ കത്ത് പ്രകാരം അധ്യാപകൻ പെറ്റീഷനിൽ ഉന്നയിച്ച ആവശ്യം അംഗീകരിക്കാൻ സാധിക്കുകയില്ല . മേൽ വസ്തുതകൾ പരിശോധിച്ച് യോഗ്യതയ്ക്ക് അനുസരിച്ച് തീർപ്പുകൽപ്പിച്ചുകൊണ്ട് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു.

6) സർക്കാർ ഇക്കാര്യം നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. രവീന്ദ്രൻ നായർ ഗവ. സ്കൂളിൽ സേവനത്തിൽ പ്രവേശിക്കുന്നത് 01.07.2003-ലാണ്. സർക്കാർ സേവനത്തിൽ പ്രവേശിക്കുന്നതിന് മുൻപ് ടിയാന് 06.07.1990 മുതൽ 30.06.2003 വരെ അംഗീകൃത എയ്ഡഡ് സ്കൂൾ സർവ്വീസുണ്ടായിരുന്നു . ടി അധ്യാപകൻ ജോലി ചെയ്തുവരുന്ന ജി.വി.എച്ച്.എസ്.എസ് കാർത്തികപുരത്തിൽ 01.07.2016 മുതൽ 31.03.2018 വരെയുള്ള കാലയളവിലെ ആഡിറ്റ് പരിശോധനയുടെ ഭാഗമായി കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള ടീം പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ശ്രീ . രവീന്ദ്രൻ നായരുടെ പ്രൊബേഷൻ പൂർത്തിയാകുന്നത് 01.07.2005-നാണെന്നും എന്നാൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനു മുൻപുതന്നെ ടിയാന്റെ എയ്ഡഡ് സ്കൂൾ സർവ്വീസ് കൂടി പരിഗണിച്ച് 01.07.2003-ന് തന്നെ ഹയർഗ്രേഡ് നൽകി 01.07.2003-ന് 4500-7000 സ്കെയിലിൽ ശമ്പളം 4500/- രൂപയിൽ നിശ്ചയിച്ചതായി കണ്ടെത്തുകയുണ്ടായി. 10.09.1990- ലെ 41730/ജെ.1/88/പൊവിവ നമ്പർ കത്തിൽ വ്യക്തമാക്കിയതുപ്രകാരം പ്രൊബേഷൻ പൂർത്തിയാകുന്ന 01.07.2005 മുതൽ മാത്രമേ

ഹയർഗ്രേഡിന് അർഹതയുള്ളു എന്നും ആയതിനാൽ ടിയാന്റെ ഹയർഗ്രേഡ് പുനഃക്രമീകരിച്ച് അധികം കൈപ്പറ്റിയ തുക തിരിച്ചുപിടിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശം നൽകുകയുണ്ടായി. ടി ആഡിറ്റ് പരാമർശ-ത്തിനെതിരെയാണ് അപേക്ഷകൻ സർക്കാർ മുമ്പാകെ അനക്ഷർ എ.12 നിവേദനം സമർപ്പിച്ചതും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ (Ekm) നം.2236/2019 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും.

7) അപേക്ഷകന് ഹയർഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള ഹെഡ്മാസ്റ്ററുടെ ഉത്തരവ് (അനക്ഷർ എ.1) 22.09.2005-ലാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതായത് അപേക്ഷകന്റെ പ്രൊബേഷൻ പൂർത്തിയായ 01.07.2005-നുശേഷം. എന്നാൽ പ്രസ്തുത ഉത്തരവിൽ മോണിറ്ററി ബെനിഫിറ്റ് 01.07.2005 (date of completion of probation) മുതലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 01.07.2003 മുതൽ ഹയർഗ്രേഡിന്റെ മിനിമം സ്കെയിലിൽ ശമ്പളം 4500/- രൂപയായി നിജപ്പെടുത്തി നൽകിയതായി കാണുന്നു . 01.07.2005 മുതൽ ലഭിക്കേണ്ട ഹയർഗ്രേഡ് ഫിക്സേഷൻ 01.07.2003 മുതൽ അതായത് പ്രൊബേഷൻ പൂർത്തിയാകുന്നതിന് മുൻപ് അനുവദിച്ചതിനെതിരെയാണ് മേൽ സൂചിപ്പിച്ച ആഡിറ്റ് പരാമർശം ഉണ്ടായിട്ടുള്ളത് . എയ്ഡഡ് സർവ്വീസിൽ നിന്നും ഗവൺമെന്റ് സർവ്വീസിൽ ജോലിയിൽ പ്രവേശിക്കുന്ന അധ്യാപകർക്ക് അവരുടെ മുൻകാല എയ്ഡഡ് സ്കൂൾ സർവ്വീസ് കണക്കിലെടുത്ത് ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഉദാഹരണ സഹിതം 10.09.1990-ലെ 41730/ജെ.1/88/പൊവിവ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം അത്തരം അധ്യാപകർക്ക് സർക്കാർ സേവനത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതിമുതൽ മാത്രമേ ഗ്രേഡിന് അർഹതയുള്ളു. എന്നാൽ അപേക്ഷകൻ അനക്ഷർ എ.1 പ്രകാരം 01.07.2003 മുതൽ ഹയർഗ്രേഡിന്റെ മിനിമം സ്കെയിൽ നൽകിയതായും പ്രൊബേഷൻ കഴിഞ്ഞ് ഒരു വർഷത്തിനുശേഷം അതായത് 06.07.2006- ന് എയ്ഡഡ് സ്കൂൾ സർവ്വീസും കൂടി ചേർത്ത് 16 വർഷത്തെ ഗ്രേഡ് നൽകുകയുണ്ടായി (അനക്ഷർ എ .2). 06.07.2012-ന് 22 വർഷത്തെ സെലക്ഷൻ ഗ്രേഡും അപേക്ഷകന് അനുവദിച്ച് നൽകിയതായി കാണുന്നു.(അനക്ഷർ - എ3).

8) മുൻകാല എയ്ഡഡ് സേവനം കണക്കാക്കി റഗുലർ സർക്കാർ സർവ്വീസിൽ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം 10.09.1990 ലെ 41730/ജെ1/88/പൊ.വി.വ സർക്കാർ കത്ത്, 23.03.1983 ലെ 26316/ജെ1/80/പൊ.വി.വ സർക്കുലർ എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രൊബേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ മുൻകാല സേവനം കണക്കിലെടുത്ത് ഗ്രേഡ് അനുവദിക്കാനാവൂ. നിർദ്ദിഷ്ട യോഗ്യതാ സേവനകാലയളവുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ തുടർന്നുള്ള ഗ്രേഡുകൾ അനുവദനീയമാകു. ആയതിനാൽ സർക്കാർ സേവനത്തിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുൻപ് എയ്ഡഡ് സേവന കാലയളവുകൂടി കണക്കാക്കി അപേക്ഷകന് ഹയർഗ്രേഡ് അനുവദിച്ചത് ക്രമപ്രകാരമല്ല.

9) മേൽ സാഹചര്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ആഡിറ്റ് പരാമർശം അംഗീകരിച്ചുകൊണ്ട് അപേക്ഷകൻ ശ്രീ. രവീന്ദ്രൻ നായർ സമർപ്പിച്ച അനക്ഷർ എ .12 നിവേദനം നിരസിച്ചും, അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.(Ekm) നം .2236/2019 നമ്പർ കേസിലെ ഉത്തരവ് പാലിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Jayakumar.c.s.
Under Secretary